"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കൊല്ലം ചെറിയഴീക്കൽ കെ.വി.കെ.വി.എം.യു.പി.എസ്.ലെ ഹെഡ്മിസ്ട്രസ് ഇൻ ചാർജ് ശ്രീമതി ശ്രീന എസ്. ഫയൽ ചെയ്ത WP(C) No. 21106/2022 കേസിലെ 29.6.2022-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1612/2023/GEDN തീയതി, തിരുവനന്തപുരം, 28-02-2023

പരാമർശം:- 1. ശ്രീമതി ശ്രീന എസ്. സമർപ്പിച്ച 16.3.2022-ലെ ഹർജി (Ext P2)

2. ശ്രീമതി ശ്രീന എസ്. ഫയൽ ചെയ്ത WP(C) No. 21106/2022 കേസിലെ 29.6.2022-ലെ വിധിന്യായം

3 . കരുനാഗപ്പള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12.10.2022-ലെ C/1166/2022 നമ്പർ കത്ത്

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17.10.2022-ലെ F(4)/13833/2022/DGE നമ്പർ കത്ത്

5. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18.10.2022-ലെ B1/11339/2022 നമ്പർ കത്ത്

**ഉത്തരവ്**

കൊല്ലം ചെറിയഴീക്കൽ കെ.വി.കെ.വി.എം.യു.പി.എസ്.ലെ ഹെഡ്മിസ്ട്രസ് ഇൻ ചാർജ് ശ്രീമതി ശ്രീന എസ്. ഫയൽ ചെയ്ത WP(C) No. 21106/2022 കേസിലെ 29.6.2022-ലെ വിധിന്യായം പ്രകാരം Ext P2 റിവിഷൻ ഹർജി ഹർജിക്കാരിയെയും മാനേജരെയും നേരിൽ കേട്ട് പുനഃപരിശോധിച്ച് തീർപ്പാക്കുവാൻ കോടതി നിർദ്ദേശിച്ചിരുന്നു. വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ 29/10/2022-ൽ ഗൂഗിൾ മീറ്റ് വഴി കേൾക്കുകയുണ്ടായി.

**2) ഹർജിക്കാരിയായ ശ്രീമതി.ശ്രീന.എസിന്റെ വാദങ്ങൾ താഴെപ്പറയും പ്രകാരമാണ്.**

" ഞാൻ 31.05.2014 തീയതിയിൽ ചെറിയഴീക്കൽ കെ.വി.കെ.വി.എം.യു.പി.എസ്.ലെ ശ്രീമതി.സുശീലയുടെ വിരമിക്കൽ ഒഴിവിൽ യു.പി.എസ്.ടി ആയി നിയമിതയായി. 13.03.2018 തീയതിയിൽ ഞാൻ ടീച്ചർ ഇൻ ചാർജ് ആയി നിയമിത ആകുകയും, അത് അംഗീകരിച്ചു നൽകിയിട്ടുള്ളതുമാകുന്നു. ഞാൻ KER, അക്കൗണ്ട്സ് ടെസ്റ്റ് എന്നിവയും ബി.എഡ്, മറ്റു ആവശ്യമായ യോഗ്യതകളും നേടിയിട്ടുള്ളതുമാകുന്നു. ഞാൻ പ്രഥമാദ്ധ്യാപിക തസ്തികയിലേക്ക് നിയമിതയാകാൻ യോഗ്യതയുള്ളതുമാണ്. ബഹു. ഹൈക്കോടതി WP(C)29086/2021 കേസിൽ 16.12.2021 തീയതി

വിധിന്യായപ്രകാരം എനിക്ക് അർഹമായ പ്രഥമാദ്ധ്യാപിക തസ്തികയിലേക്ക് നിയമനം പരിഗണിച്ച് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശം കൊടുക്കുകയും, അതിനെ തുടർന്ന് ഹിയറിംഗ് നടത്തി എന്റെ അപേക്ഷ നിരസിച്ചിട്ടുള്ളതുമാണ്. 12 വർഷം സേവനം ഇല്ലാത്തതിനാൽ ടി തസ്തികയിലേക്ക് അംഗീകരിക്കാൻ സാധിക്കില്ല എന്ന കാരണത്താൽ മാത്രമാണ് എന്റെ അപേക്ഷ നിരസിച്ചത്. കെ.ഇ.ആക്ടും ചട്ടങ്ങളും ആണ് എന്റെ നിയമനവും, സേവനവും മറ്റും നിർണയിക്കുന്ന നിയമങ്ങൾ. ടി നിയമങ്ങൾ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നടത്തിപ്പും സേവനവും സംബന്ധിച്ച് കർശനമായും പാലിക്കേണ്ടവയാണ്. എന്നാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ കെ.ഇ.ആക്ടും ചട്ടങ്ങളുടെയും വിരുദ്ധമായ ഉത്തരവാണ് നൽകിയിട്ടുള്ളത്. അധ്യായം 14 എ ചട്ടം 45 പ്രകാരം യു.പി.സ്കൂൾ ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് യാതൊരു സേവന കാലയളവും നിർബന്ധമാക്കിയിട്ടില്ല. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പരാമർശിച്ചിട്ടുള്ള 12 വർഷം സേവനം ഞാൻ സേവനമനുഷ്ഠിക്കുന്ന യു.പി.സ്കൂളിൽ എന്റെ തസ്തികയ്ക്ക് ബാധകമല്ല.

റൈറ്റ് ടു എഡ്യൂക്കേഷൻ (ആർ.ടി.ഇ.) ആക്ട് പ്രകാരം യു.പി.ഹെഡ്മാസ്റ്റർ തസ്തികകൾക്ക് 12 വർഷം സേവനം വേണം എന്ന നിബന്ധന ഉണ്ട് എന്ന് പറയുന്നത് നിയമവിരുദ്ധമാണ് ആർ.ടി.ഇ. ആക്ട് ഹെഡ് ടീച്ചർ നിയമനത്തിനെ കുറിച്ചും 12 വർഷം പഠിപ്പിക്കുന്ന സേവന കാലയളവിനെ കുറിച്ചും ആണ് പറയുന്നത്. ഹെഡ്മാസ്റ്റർ അഥവാ പ്രഥമാദ്ധ്യാപിക സ്ഥാനം വ്യത്യസ്തമാണെന്നുമാത്രമല്ല കെ.ഇ.ആക്ടും ചട്ടങ്ങളും, ആർ.ടി.ഇ.ആക്ടും ഒത്തു നോക്കുമ്പോൾ, ആർ.ടി.ഇ. ആക്ട് ഒരു ജനറൽ ലെജിസ്ലേഷനും, കെ.ഇ.ആക്ടും ചട്ടങ്ങളും ഒരു സ്പെസിഫിക് ലെജിസ്ലേഷനാണെന്നും അംഗീകരിച്ചിട്ടുള്ളതാണ്. സ്പെസിഫിക് ലെജിസ്ലേഷൻ എല്ലായ്പ്പോഴും ഒരു ജനറൽ ലെജിസ്ലേഷനെ മറികടന്നു പരിഗണിക്കേണ്ടവയും, സ്പെസിഫിക് ലെജിസ്ലേഷൻ നിലനിൽക്കുകയും ചെയ്യുന്നതാണ്. ടി കേസിൽ കെ.ഇ.ആക്ടും ചട്ടങ്ങളും അവയിൽ പറഞ്ഞിരിക്കുന്ന നിയമങ്ങളും ആണ് പരിഗണിക്കേണ്ടതും നിലനിൽക്കുന്നതും. ആയതിനാൽ ഉപജില്ലാ ഓഫീസറുടെ ഉത്തരവ് നിയമവിരുദ്ധമാണെന്നും അത് റദ്ദാക്കേണ്ടതാണെന്നും ബോധിപ്പിക്കുന്നു. ആകയാൽ ടി കുറിപ്പും, റിവിഷനും, അനുബന്ധ രേഖകളും പരിശോധിച്ച്, ഉപജില്ലാ ഓഫീസറുടെ ഉത്തരവ് പുനപരിശോധിച്ച്, എനിക്ക് നിയമപരമായി അർഹമായ ഹെഡ്മാസ്റ്റർ നിയമനം അംഗീകരിച്ച് ഉത്തരവിടുവാൻ കരുനാഗപ്പള്ളി ഉപജില്ലാ ഓഫീസറോടോ മറ്റ് ഏതെങ്കിലും ഉദ്യോഗസ്ഥരോടോ നിർദ്ദേശം കൊടുത്തു ഉത്തരവാകണം എന്ന് അപേക്ഷിക്കുന്നു".

**3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്:**

" കരുനാഗപ്പള്ളി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അധികാര പരിധിയിൽപ്പെട്ട ചെറിയഴീക്കൽ കെ.വി.കെ.വി.എം.യു.പി.എസ്.ലെ ശ്രീമതി.ശ്രീന എസ്.നെ പ്രസ്തുത സ്കൂളിൽ യു.പി.എസ്.ടി. ആയി ശ്രീമതി.സുശീല, പ്രഥമാദ്ധ്യാപികയുടെ 31/05/2014-ലെ വിരമിക്കൽ ഒഴിവിൽ നിയമിച്ചു. നിയമന തീയതിയായ 02/06/2014 മുതൽ ശ്രീമതി.ശ്രീന എസ്.ന്റെ യു.പി.എസ്.ടി. നിയമനം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു നൽകിയിരുന്നു. പ്രഥമാദ്ധ്യാപികയായിരുന്ന ശ്രീമതി.നാൻസി സാമുവൽ . ന്റെ 31/08/2016-ലെ സ്വയം വിരമിക്കൽ ഒഴിവിൽ 01/09/2016 മുതൽ സീനിയർ അധ്യാപകനായ ശ്രീ.ലാൽ എ.എം.നെ ടീച്ചർ ഇൻ ചാർജ്ജായി നിയമിച്ചു. എന്നാൽ ശ്രീമതി.ശ്രീന എസ്., യു.പി.എസ്.ടി. ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയതിനാലും ശ്രീലാൽ എ.എം. ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയിട്ടില്ലാത്തതിനാലും, ശ്രീ.ലാലിനെ യു.പി.എസ്.ടി. ആയി മാറ്റി നിയമിക്കുകയും, 13/03/2018 മുതൽ ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയിട്ടുള്ള പെറ്റീഷണർ ശ്രീമതി.ശ്രീന എസ്.നെ ടീച്ചർ ഇൻ ചാർജ്ജായി അംഗീകരിച്ച് നൽകുകയും ചെയ്തിരുന്നു.
05/02/2018-ലെ ഉത്തരവിലെ വ്യവസ്ഥ പ്രകാരം, കെ.ഇ.ആർ.ലെ വ്യവസ്ഥ പ്രകാരമുള്ള ടെസ്റ്റ് യോഗ്യതയും 12 വർഷത്തെ സേവന കാലയളവ് പൂർത്തീകരിക്കുന്ന മുറയ്ക്ക് ശമ്പള സ്കെയിലിനു അർഹതയുള്ളു എന്ന വ്യവസ്ഥയിൽ ടിയാരിയുടെ ടീച്ചർ-ഇൻ-ചാർജ്ജ് നിയമനം ഉപജില്ലാ

വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ച് നൽകിയിരുന്നു.

ശ്രീമതി.ശ്രീന എസ്., ടീച്ചർ ഇൻ ചാർജ് 01/09/2016 മുതൽ പ്രഥമാധ്യാപികയായി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. കെ.ഇ.ആർ. അധ്യായം 14 എ ചട്ടം 45 പ്രകാരവും, ആർ.റ്റി.ഇ. റൂൾ പ്രകാരവും പ്രഥമാദ്ധ്യാപിക തസ്തിക ഒഴിവുള്ള എൽ.പി./യു.പി. സ്കൂളിൽ യോഗ്യരായ യു.പി.എസ്.ടി., എൽ.പി.എസ്.ടി. ഉണ്ടെങ്കിൽ അവരെ പ്രഥമാധ്യാപകനായി നിയമിക്കാം. അവർക്ക് 12 വർഷം തുടർച്ചയായ എൽ.പി.എസ്.ടി./യു.പി.എസ്.ടി. സേവനകാലം ഉണ്ടായിരിക്കണം എന്ന വ്യവസ്ഥ നിലവിലുണ്ട്. എന്നാൽ ശ്രീമതി.ശ്രീന എസ്. ജോലിയിൽ പ്രവേശിച്ചത് 02/06/2014-ലാണ്. ആകയാൽ 12 വർഷത്തെ തുടർച്ചയായ യു.പി.എസ്.ടി. സേവനകാലം ഇല്ലാത്തതിനാൽ ശ്രീമതി.ശ്രീന എസ്.നെ പ്രഥമാധ്യാപികയായി നിയമിക്കണമെന്ന ആവശ്യം നിലവിലെ ചട്ടങ്ങൾ പ്രകാരം അംഗീകരിക്കാനാവില്ല.

ചെറിയഴീക്കൽ കെ.വി.കെ.വി.എം.യു.പി. സ്കൂളിലെ ശ്രീമതി.ശ്രീന എസ്., ടീച്ചർ ഇൻ ചാർജ് 01/9/2016 മുതൽ പ്രഥമാദ്ധ്യാപികയായി അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള ഹൈക്കോടതിയൽ ഫയൽ ചെയ്ത ഡബ്ല്യൂ.പി (സി) നമ്പർ 21106/2022 കേസിലെ 29.6.2022-ലെ വിധിന്യായം നടപ്പിലാക്കുന്നതിനായിട്ടാണ് സമീപിച്ചിരിക്കുന്നത്. കെ.ഇ.ആർ. അധ്യായം 14 എ ചട്ടം 45 പ്രകാരവും ആർ.റ്റി.ഇ. റൂൾ പ്രകാരവും പ്രഥമാദ്ധ്യാപക തസ്തിക ഒഴിവുള്ള എൽ.പി./യു.പി. സ്കൂളിൽ യോഗ്യരായ യു.പി.എസ്.ടി./എൽ.പി.എസ്.ടി. ഉണ്ടെങ്കിൽ അവരെ പ്രഥമാധ്യാപകരായി നിയമിക്കാം. അവർക്ക് 12 വർഷം തുടർച്ചയായ എൽ.പി.എസ്.ടി/യു.പി.എസ്.ടി സേവനകാലം ഉണ്ടായിരിക്കണം എന്ന വ്യവസ്ഥ നിലവിലുണ്ട്. എന്നാൽ ശ്രീമതി.ശ്രീന എസ്., യു.പി.എസ്.ടി. ആയി പ്രസ്തുത സ്കൂളിൽ ജോലിയിൽ പ്രവേശിച്ചത് 02/06/2014-ലാണ്. ആകയാൽ 12 വർഷത്തെ തുടർച്ചയായ യു.പി.എസ്.ടി. സേവനകാലം ഇല്ലാത്തതിനാൽ ശ്രീമതി.ശ്രീന എസ്.നെ പ്രഥമാധ്യാപികയായി നിയമിക്കണെന്ന ആവശ്യം നിലവിലെ ചട്ടങ്ങൾ പ്രകാരം അംഗീകരിക്കാനാവില്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു".

**4)** ഹർജിക്കാരി ഉന്നയിച്ചിട്ടുള്ള വസ്തുതകൾ വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും കോടതിവിധികളുടെയും കേരള വിദ്യാഭ്യാസ ചട്ടങ്ങളുടെയും റൈറ്റ് ടു എഡ്യൂക്കേഷൻ (ആർ.ടി.ഇ.) ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കുകയുണ്ടായി. കെ.ഇ.ആർ. അധ്യായം 14എ ചട്ടം 45 പ്രകാരമാണ് യു.പി.സ്കൂൾ ഹെഡ്മാസ്റ്റർ തസ്തികയിലെ യോഗ്യതകൾ നിശ്ചയിച്ചിട്ടുള്ളത്. ടി ചട്ടത്തിൽ 12 വർഷത്തെ തുടർച്ചയായ യു.പി.എസ്.ടി. സേവനകാലം വേണമെന്ന് പറയുന്നില്ലെങ്കിലും റൈറ്റ് ടു എഡ്യൂക്കേഷൻ (ആർ.ടി.ഇ.) ചട്ടങ്ങൾ ചട്ടം 18-ൽ ഹെഡ്ടീച്ചർക്ക് 12 വർഷത്തെ അധ്യാപനപരിചയം വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. റൈറ്റ് ടു എഡ്യൂക്കേഷൻ ചട്ടങ്ങൾക്ക് അനുസൃതമായി 12 വർഷത്തെ അധ്യാപന പരിചയം കൂടി യോഗ്യതയിൽ ഉൾപ്പെടുത്തിക്കൊണ്ട് കെ.ഇ.ആർ. അധ്യായം 14 എ ചട്ടം 45 B(1) ൽ ഭേദഗതി വരുത്തി, 9/7/2018-ലെ ജി.ഒ.(പി)നം. 16/2018/പൊവിവ പ്രകാരം എക്സിക്യൂട്ടീവ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, 9/7/2018-ലെ ജി.ഒ.(പി)നം. 16/2018/പൊവിവ പ്രകാരവും റൈറ്റ് ടു എഡ്യൂക്കേഷൻ (ആർ.ടി.ഇ.) ചട്ടങ്ങൾ പ്രകാരവും എൽ.പി./യു.പി. ഹെഡ്മാസ്റ്ററാകുന്നതിന് 12 വർഷത്തെ തുടർച്ചയായ സേവനം ആവശ്യമാണ്.

**5)** എന്നാൽ ഹർജിക്കാരി യു.പി.എസ്.ടി. ആയി സ്കൂളിൽ ജോലിയിൽ പ്രവേശിച്ചത് 02/06/2014-ലായതിനാൽ 9/7/2018-ലെ ജി.ഒ.(പി)നം. 16/2018/പൊവിവ പ്രകാരവും റൈറ്റ് ടു എഡ്യൂക്കേഷൻ (ആർ.ടി.ഇ.) ചട്ടങ്ങൾ പ്രകാരവും എൽ.പി./യു.പി. ഹെഡ്മാസ്റ്ററാകുന്നതിന് നിഷ്കർഷിച്ചിട്ടുള്ള 12 വർഷത്തെ തുടർച്ചയായ യു.പി.എസ്.ടി. സേവനകാലം ഹർജിക്കാരി പൂർത്തിയാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ശ്രീമതി.ശ്രീന എസ്.ന്റെ പ്രഥമാധ്യാപക നിയമനം

അംഗീകരിക്കണമെന്ന Ext P2 ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട് പരാമർശം (2)-ലെ ബഹു: ഹൈക്കോടതി വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശ്രീജ വി

അഡിഷണൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ/ആഡിറ്റ്), തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം..

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കരുനാഗപ്പള്ളി.

ശ്രീമതി ശ്രീന എസ്., ഹെഡ്മിസ്ട്രസ് ഇൻ ചാർജ്, കെ.വി.കെ.വി.എം.യു.പി.എസ്., ചെറിയഴീക്കൽ , കരുനാഗപ്പള്ളി, കൊല്ലം.

മാനേജർ, കെ.വി.കെ.വി.എം.യു.പി.എസ്., ചെറിയഴീക്കൽ, കരുനാഗപ്പള്ളി, കൊല്ലം.

വിവര പൊതുജനസമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 28-02-2023 14:31:43

സെക്ഷൻ ഓഫീസർ